# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5272 — 27.07.15 ൽ - മറുപടിക്ക്

## റേഷൻകാർഡ് പുതുക്കൽ പ്രക്രിയ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻകാർഡുകളാണ് പുതുക്കേണ്ടത്; റേഷൻകാർഡ് പുതുക്കൽ പ്രക്രിയ എന്നാണാരംഭിച്ചത് എന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നും പൂർത്തീകരണ പ്രക്രിയയുടെ കാലതാമസത്തിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ആകെ 83,16,746 റേഷൻ കാർഡുകളാണ് പുതുക്കേണ്ടത്. റേഷൻകാർഡ് പുതുക്കൽ പ്രക്രിയ 01.01.2015-ൽ ആണ് ആരംഭിച്ചത്, 2015 സെപ്തംബർ മാസം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഡാറ്റാ എൻട്രിയുടെ ആരംഭത്തിൽ നേരിട്ട ചില കണക്ടിവിറ്റി തടസ്സങ്ങൾ കാരണമാണ് കാലതാമസം ഉണ്ടായത്. എന്നാൽ ടി പ്രശ്നങ്ങൾ എല്ലാം പരിഹരിച്ച് റേഷൻകാർഡ് വിതരണം ഉടനെ നടത്താൻ ഉളള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) എത്ര ശതമാനം കാർഡുകളുടെ പ്രക്രിയ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട് എന്നും ഇനിയും എത്ര സമയത്തിനകം ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ മൊത്തം റേഷൻകാർഡുകളുടെയും പുതുക്കൽ പ്രക്രിയ ഒരുമിച്ചാണ് നടന്നുവരുന്നത്. അതിൽ ഡാറ്റാ എൻട്രി പൂർത്തിയായി ഡാറ്റാ വെരിഫിക്കേഷൻ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാക്കി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്ന മുറക്ക് റേഷൻ കാർഡ് വിതരണം നടത്തുന്നതാണ്. മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 01.09.2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) റേഷൻകാർഡ് പുതുക്കൽ പ്രക്രിയ ആരംഭിച്ചനാൾ മുതൽ പുതിയ റേഷൻകാർഡ് എടുക്കുന്നതിനോ, നിലവിലുളള റേഷൻകാർഡിൽ പുതുതായി ആളെ ഉൾപ്പെടുത്തുന്നതിനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം മരവിപ്പിച്ചിരിക്കുന്നതിനാലാണ് പുതിയ റേഷൻ കാർഡ് എടുക്കാനോ, നിലവിലുളള റേഷൻ കാർഡിൽ പുതുതായി ആളെ ഉൾപ്പെടുത്താനോ കഴിയാത്തത്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. |
| (ഡി) പാസ്പോർട്ട് എടുക്കുന്നതിനുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി റേഷൻകാർഡിൽ പേരുൾപ്പെടുത്തേണ്ടവർക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) പാസ്പോർട്ട് എടുക്കുന്നതിന് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി റേഷൻ കാർഡിൽ പേരുൾപ്പെടുത്തേണ്ടവർക്കായി താൽക്കാലിക റേഷൻകാർഡ് അനുവദിക്കുന്നുണ്ട്. ഇതിന് 6 മാസക്കാലാവധിയാണ് ഉളളത്. ഈ കാലാവധിയ്ക്ക് ശേഷം കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. |
| (ഇ) അടിയന്തിരമായി പുതുക്കിയ റേഷൻ കാർഡ് നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) നിലവിൽ റേഷൻകാർഡിന്റെ ഡാറ്റാ എൻട്രി പൂർത്തിയായി ഡാറ്റാ വെരിഫിക്കേഷൻ നടന്നു വരികയാണ്. ഇത് ഉടനെ പൂർത്തിയാക്കി മുൻഗണനാ വിഭാഗക്കാരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ച് സോഷ്യൽ ആഡിറ്റിംഗ് നടത്തി അതിൽ നിന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തിയതിനു ശേഷം റേഷൻകാർഡ് വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ